(ബി) ക്രഷ് പ്രവർത്തിക്കുന്നതിനായി സർക്കാരിൽ നിന്നും നൽകിവരുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) ഈ തുക ക്രഷിന്റെ നടത്തിപ്പിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ക്രഷുകളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ.മുനീർ) :

(എ) നിർദ്ധന കുടുംബങ്ങളിലെ ആറുവയസ്സുവരെ പ്രായമുള്ള കുട്ടികളെ പരിചരിക്കുക എന്ന സേവനമാണ് നിലവിൽ ക്രെഷുകളിൽ നൽകിവരുന്നത്.

(ബി) സംസ്ഥാന സർക്കാരിൽനിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നില്ല.

(സി&ഡി) ബാധകമല്ല.

**ഗ്രാമീണ മേഖലാ വികസന പദ്ധതികൾ**

8 (*128) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ വികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമവികസന വകുപ്പിൻ കീഴിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഗ്രാമവികസന വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന (പി.എം.ജി.എസ്.വൈ.)

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ജി.എസ്.)

3. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)

4. ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണം

(സി) മിഷൻ 676 -ൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന എന്നിവ നിലവിൽ വകുപ്പ് വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇത് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ചുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ കാലയളവിൽ പൂർത്തീകരിക്കാൻ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങളും പദ്ധതികളും ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത വർഷത്തെ പ്ലാനിൽ 7 കോടി രൂപ വകയിരുത്തുന്നത് പരിശോധിച്ചു വരുന്നു.

പരപ്പ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിലേക്കായി 71.56 ലക്ഷം രൂപ രണ്ടു ഗഡുക്കളായി നൽകിയിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം മാനദണ്ഡങ്ങൾ പാലിച്ച് സിഡ്കോയെ എൽപ്പിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് 4 ബ്ലോക്ക് പഞ്ചായത്തുകളും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ എടുത്തു വരുന്നു.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേക്കൂട്ടി വാർഷിക പദ്ധതികൾ തയ്യാറാക്കി പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly